(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഇലക്ട്രിസിറ്റി ആക്റ്റ് 2003

1 [1673] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിലെ എന്തെല്ലാം വ്യവസ്ഥകൾ സംസ്ഥാനത്തെ ഏതെല്ലാം സംഗതികളെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ആക്റ്റ് നിലവിൽ വരുന്നതിനു മുമ്പായി പ്രസ്തുത ബില്ലിലെ ഏതെങ്കിലും വ്യവസ്ഥകളിൽ സംസ്ഥാന ഗവൺമെന്റിനുള്ള ആശങ്ക കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്താമോ;

(സി) കേന്ദ്ര ഗവൺമെന്റ് പാസാക്കിയ ഇലക്ട്രിസിറ്റി ആക്റ്റ് 2003-ന് എതിരെ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കാമോ; ഇത് സംബന്ധമായി കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ നിവേദനത്തിന്റെ ഒരു പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചുവരുന്നതേയുള്ളൂ.

(ബി) 26-2-2000-ൽ നടന്ന വിദ്യുച്ഛക്തി വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ അന്നത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി 2000-ലെ ഇലക്ട്രിസിറ്റി ബില്ലിനെ എതിർത്തിരുന്നു.

(സി) ഇല്ല.

കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി

2 [1677] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly